# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5255 27.06.2019-ൽ മറുപടിക്ക്

## മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി മേഖലയിലെ പൈതൃക സ്ഥാപനങ്ങളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി മേഖലയിലെ പൈതൃക സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജിൽ സ്ഥിതി ചെയ്യുന്ന അരിയിട്ടു വാഴ്ച കൊട്ടാരം, ഫോർട്ട് കൊച്ചി വില്ലേജിൽ സ്ഥിതി ചെയ്യുന്ന ബാസ്റ്റ്യൻ ബംഗ്ലാവ് എന്നിവയാണ് മട്ടാഞ്ചേരി ഫോർട്ട് കൊച്ചി മേഖലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ |
| (ബി) | പ്രസ്തുത പൈതൃക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും സംസ്ഥാന പുരാവസ്തുവകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (ബി) | മട്ടാഞ്ചേരിയിലെ ബാസ്റ്റ്യൻ ബംഗ്ലാവ് വളരെ നല്ല രീതിയിൽ സംരക്ഷിക്ക പ്പെട്ടിട്ടുള്ള ഒരു സംരക്ഷിത സ്മാരകമാണ്. നിലവിൽ എറണാകുളം ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നത് ബാസ്റ്റ്യൻ ബംഗ്ലാവിലാണ്. മ്യൂസിയം സജ്ജീകരണ പ്രവർത്തികൾ ഉടൻ ആരംഭിക്കും. അതിനുവേണ്ട ഭരണാനുമതി നൽകിയിട്ടുണ്ട്. ബാസ്റ്റ്യൻ ബംഗ്ലാവിന്റെ ഘടനാപരമായ സംരക്ഷണ പ്രവർത്തികളും പരിസര വികസന പ്രവർത്തികളും പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. മ്യൂസിയം സജ്ജീകരിച്ച തിനുശേഷം ബാസ്റ്റ്യൻ ബംഗ്ലാവ് പൊതുജന ങ്ങൾക്കായി തുറന്നു കൊടുക്കുന്നതാണ്.<br>കൊച്ചി രാജവംശത്തിലെ പ്രധാന ചടങ്ങായ അരിയിട്ടു വാഴ്ച നടന്നുവന്ന അരിയിട്ടുവാഴ്ച കൊട്ടാരവും മട്ടാഞ്ചേരിയിലാണ് സ്ഥിതി ചെയ്യുന്നത്. അരിയിട്ടു വാഴ്ച കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പരിസര വികസന പ്രവൃത്തികൾ നടന്നു വരികയാണ്. 25 ലക്ഷത്തോളം രൂപ ചെലവു പ്രതീക്ഷിക്കുന്ന പ്രവൃത്തികളിൽ കൊട്ടാരത്തിന്റെ ശാസ്ത്രീയ സംരക്ഷണം കൂടാതെ, നികന്നുപോയ കുളം പൂർവ്വസ്ഥിതിയിലാക്കൽ, അടിസ്ഥാനപരമായ സന്ദർശക സൗഹൃദ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നുണ്ട്. ഒക്ടോബർ 2019 ഓടെ ഈ പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരി ക്കുന്നത്. അതിനുശേഷം അരിയിട്ടുവാഴ്ച കൊട്ടാരത്തി |

| | | | |
|---|---|---|---|
| | | | ലേക്ക് സന്ദർശകരെ ആകർഷിക്കുവാൻ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നതാണ്. |
| സി) | ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയതിനെ ത്തുടർന്ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ മുടങ്ങി ജീർണ്ണാവസ്ഥയിലായി ക്കൊണ്ടിരിക്കുന്നതും ക്ഷുദ്രജീവികളുടെ ആവാസ കേന്ദ്രവുമായിരിക്കുന്ന മട്ടാഞ്ചേരി കോടതിയുടെ സംരക്ഷണ ത്തിനായി പ്രസ്തുത വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ? | (സി) | കേന്ദ്ര പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്മാരകങ്ങൾക്ക് ചുറ്റുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി ക്കൊണ്ട് കേന്ദ്ര സർക്കാർ 2010-ൽ നിയമം പാസ്സാക്കിയിട്ടുള്ളതാണ്. ഇത് നടപ്പിലാക്കുന്നതിനുള്ള ചുമതല ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യക്കും നാഷണൽ മോണുമെന്റ് അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കോംപീറ്റന്റ് അതോറിറ്റിക്കും ആണ്. സ്മാരകത്തിന് ചുറ്റുമുള്ള നിയന്ത്രിത പ്രദേശത്ത് അനുമതി ഇല്ലാതെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ സ്റ്റോപ്പ് മെമ്മോ നൽകുന്നത് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയാണ്. ഇതിൽ സംസ്ഥാന പുരാവസ്തു വകുപ്പിന് യാതൊരു പങ്കുമില്ല. എന്നാൽ സ്മാരകത്തിന് ചുറ്റുമുള്ള നിയന്ത്രിത പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അപേക്ഷ സ്വീകരിക്കുന്നതും നടപടികൾ പൂർത്തീകരിച്ച് ടി അപേക്ഷ നാഷണൽ മോണുമെന്റ് അതോറിറ്റിക്ക് അയയ്ക്കുന്നതും കേരളാ പുരാവസ്തു വകുപ്പദ്ധ്യക്ഷൻ മേലധികാരിയായിട്ടുള്ള കോംപീറ്റന്റ് അതോറിറ്റിയാണ്. കോടതി മന്ദിരത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് ആവശ്യമായ NOC ലഭ്യമാക്കുന്നതിലേക്കായുള്ള അപേക്ഷ കോപീറ്റന്റ് അതോറിറ്റിക്ക് നൽകുന്ന പക്ഷം ആവശ്യമായിട്ടുള്ള പരിശോധന നടത്തി ഉചിതമാണെങ്കിൽ NOC നൽകുന്നതിലേക്ക് ഡൽഹിയിലുള്ള നാഷണൽ മോണുമെന്റ് അതോറിറ്റിയുടെ കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ